**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4485** **29-10-2021 - ൽ മറുപടിയ്ക്ക്**

**വായ്പാകുടിശ്ശിക എഴുതി തള്ളാനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി,പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വായ്പ കുടിശ്ശിക എഴുതിത്തള്ളാനുള്ള പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2010 ന് തിരിച്ചടവ് കാലാവധി പൂർത്തിയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും പലിശയും ചേർത്ത് ഒരു ലക്ഷം രൂപ വരെ എഴുതി തള്ളുന്നതിന് 31.03.2015 ലെ സ.ഉ.(പി) നം. 24/2015 പജപവവിവ പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം അർഹരായ മുഴുവൻ പട്ടികജാതിക്കാരുടെയും വായ്പ എഴുതി തള്ളുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ എടുത്തിട്ടുള്ളതും, 01.04.2006 മുതൽ 31.03.2014 വരെ തിരിച്ചട് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ പലിശയും പിഴപ്പലിശയും ഉൾപ്പെടെയുള്ള ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ സ.ഉ.(അ)നമ്പർ 71/2015/പജപവവിവ തീയതി 01.10.2015 പ്രകാരം എഴുതി തള്ളുന്നതിന് ഉത്തരവായിരുന്നു. ടി പദ്ധതി നിർവ്വഹണത്തിനായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ നിർവഹണ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നുള്ള എത്ര തുക വരെയുള്ള വായ്പയാണ് എഴുതിത്തള്ളുന്നത്; ഇതിനുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2010 ന് തിരിച്ചടവ് കാലാവധി പൂർത്തിയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും പലിശയും ചേർത്ത് |

| | | | |
|---|---|---|---|
| | | | ഒരു ലക്ഷം രൂപ വരെ എഴുതി തള്ളുന്നതിന് 31.03.2015 ലെ സ.ഉ.(പി) നം. 24/2015 പജപവവിവ പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം അർഹരായ മുഴുവൻ പട്ടികജാതിക്കാരുടെയും വായ്പ എഴുതി തള്ളുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ എടുത്തിട്ടുള്ളതും, 01.04.2006 മുതൽ 31.03.2014 വരെ തിരിച്ചട് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ പലിശയും പിഴപ്പലിശയും ഉൾപ്പെടെയുള്ള ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ സ.ഉ.(അ)നമ്പർ 71/2015/പജപവവിവ തീയതി 01.10.2015 പ്രകാരം എഴുതി തള്ളുന്നതിന് ഉത്തരവായിരുന്നു. ടി പദ്ധതി നിർവ്വഹണത്തിനായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ നിർവഹണ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുണ്ട്. |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | പട്ടികജാതി വികസന വകുപ്പിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന 10.27 കോടി രൂപ വായ്പ എഴുതിത്തള്ളലിനായി ചെലവഴിച്ചിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാർ മുഖാന്തിരം ചെലവഴിച്ച തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിൽ 01.10.2015 ലെ സ.ഉ.(അ) നമ്പർ 71/2015/ പജപവവിവ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഏജൻസിയായ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 9,18,32,837/- രൂപ ചെലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## സഹകരണസംഘം രജിസ്ട്രാർ മുഖേന ചെലവഴിച്ച തുകയുടെ വിവരം

| | | വർഷം | വിനിയോഗിച്ചതുക |
|---|---|---|---|
| 25,000/-രൂപ വരെയുള്ള വായ്പ എഴുതിതള്ളൽ പദ്ധതി | പട്ടികജാതി/പട്ടികവർഗ്ഗ / പരിവർത്തിതക്രൈസ്തവ വിഭാഗങ്ങളുടെ 31/3/2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കടിശ്ശികയായതുമായ വായ്പകൾ | 2017-18<br>2018-19 | 5,15,89.414/-<br>2,57,655/- |
| 50,000/- രൂപ വരെയുള്ള വായ്പ എഴുതിതള്ളൽ പദ്ധതി | പട്ടികവിഭാഗങ്ങളുടെ 31.03.2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കടിശ്ശികയായതുമായ വായ്പകൾ | 2016-17<br>2017-18 | 1,75,08,790/-<br>29,88,071/- |
| 1,00,000/- രൂപ വരെയുള്ള വായ്പ എഴുതിതള്ളൽ പദ്ധതി | പട്ടിക വിഭാഗങ്ങളുടെ 31.03.2010 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കടിശ്ശികയായതുമായ വായ്പകൾ | 2016-17<br>2017-18<br>2018-19<br>2019-20<br>2020-21 | 44,33,96,000/-<br>39,03,09,582/-<br>2,18,31,161/-<br>69,649/-<br>2,48,75,491/- |